## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2578 17.06.2019-ൽ മറുപടിക്ക്

### മലക്കപ്പാറയിലെ ട്രൈബൽ ഒ.പി. ക്ലിനിക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി :** | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| ടാറ്റ കമ്പനിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ജീർണിച്ച കെട്ടിടത്തിൽ പ്രവർത്തിച്ച വരുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറയിലെ ട്രൈബൽ ഒ.പി. ക്ലിനിക്കിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | അതിരപ്പിള്ളി പഞ്ചായത്തിലെ ട്രൈബൽ ഒ.പി. ക്ലിനിക്ക് പ്രവർത്തിക്കുന്നത് തമിഴ്നാട് അതിർത്തിയോടു ചേർന്ന് മലക്കപ്പാറയിലുള്ള ടാറ്റാ എസ്റ്റേറ്റിന്റെ പഴയ ഒരു കെട്ടിടത്തിലാണ്. സ്വന്തമായി കെട്ടിടം പണിയുന്നതിന് നിലവിൽ ഭൂമിയില്ല. ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ ഭൂമിയോ അല്ലെങ്കിൽ വനാവകാശ നിയമ പ്രകാരം വനഭൂമിയോ ലഭ്യമാക്കേണ്ടതുണ്ട്.<br><br>വനാവകാശ നിയമ പ്രകാരം വനഭൂമി ലഭ്യമാകുന്നതിലേക്ക് പ്രാഥമികമായി കെട്ടിട നിർമ്മാണത്തിന്റെ പ്രോജക്ട് തയ്യാറാക്കേണ്ടതുണ്ട്. അതിലേക്ക് കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**